LIBRARY ARCHIVES Kerala Legislative Assembly

ഖാദി ഉല്പന്ന കയറ്റുമതി

6(*209) ശ്രീ. സി. പി. മുഹമ്മദ്:

ശ്രീ. ടി. യു. രാധാകൃഷ്ണൻ:

ശ്രീ. ലൂഡി ലൂയിസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഖാദി ഉല്പന്നങ്ങൾ കയറ്റി അയ്ക്കാൻ പരിപാടിയുണ്ടോ;

(ബി) എങ്കിൽ എന്തെല്ലാം ഉല്പന്നങ്ങളാണ് കയറ്റുമതി ചെയ്യുന്നത്;

(സി) ഏതെല്ലാം രാജ്യങ്ങളിലേയ്ക്കാണ് ഇവ കയറ്റുമതി ചെയ്യുന്നത് എന്ന് അറിയിക്കുമോ?

ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. സി. എഫ്. തോമസ്):

(എ) ഉണ്ട്.

(ബി) സാരികൾ, മുണ്ടുകൾ, ബെഡ്ഷീറ്റ്, ഷർട്ടിംഗ് തുണിത്തരങ്ങൾ, റെഡിമെയ്ഡ് ഷർട്ടുകൾ, ജൂബ്ബാ തുടങ്ങിയ ഖാദി ഉല്പന്നങ്ങളാണ് കയറ്റുമതി ചെയ്യുന്നത്.

(സി) പശ്ചിമേഷ്യൻ രാജ്യങ്ങളിലേക്കാണ് കയറ്റുമതി ചെയ്യാൻ അംഗീകാരം നല്കിയത് എങ്കിലും ആദ്യപടിയായി ദോഹയിലേക്കാണ് കയറ്റുമതി ചെയ്യുന്നത്.

പൈതൃക സ്മാരകങ്ങൾ സംരക്ഷിക്കുന്നതിന് പദ്ധതി

7(*210) ശ്രീ. പി. നാരായണൻ:

ശ്രീ. മാങ്കോട് രാധാകൃഷ്ണൻ:

ശ്രീ. എൻ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൈതൃക സ്മാരകങ്ങൾ സംരക്ഷിക്കുന്നതിനും പൈതൃക മേഖലയുടെ വികസനത്തിനുമായി ടൂറിസം വകുപ്പിന് എന്തെങ്കിലും പദ്ധതികളുണ്ടോ; എങ്കിൽ അവ ഏതെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഈ പദ്ധതികൾ പ്രകാരം സംരക്ഷിച്ച സ്മാരകങ്ങളും, മേഖലകളും ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) ഇതിനായി കേന്ദ്രസഹായം ലഭിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഈ കാലയളവിൽ എത്ര തുക കേന്ദ്രത്തിൽനിന്നും നേടിയെടുത്തു; സംസ്ഥാന ഗവൺമെന്റ് എത്ര തുക ചെലവഴിച്ചു എന്ന് വെളിപ്പെടുത്തുമോ?

വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കെ. സി. വേണുഗോപാൽ):

(എ) പൈതൃക സ്മാരകങ്ങളും മേഖലകളും സംരക്ഷിക്കുന്നതിനും പരിരക്ഷിക്കുന്നതിനും ഒരു പ്രത്യേക പ്ലാൻ പദ്ധതിതന്നെ ടൂറിസം വകുപ്പിലുണ്ട്. 2004-2005 സാമ്പത്തിക വർഷം ഈ പദ്ധതിക്കുവേണ്ടി നീക്കിവെച്ച തുക 6.50 കോടി രൂപയാണ്. സ്വകാര്യമേഖലയിലുള്ള പൈതൃക കെട്ടിടങ്ങളുടെ സംരക്ഷണത്തിന് 'ഗൃഹസ്ഥലി' എന്ന പേരിൽ ഒരു പദ്ധതി നിലവിലുണ്ട്.

(ബി) താഴെ പറയുന്ന സ്മാരകങ്ങളും മേഖലകളുമാണ് ടൂറിസം വകുപ്പിലൂടെ സംരക്ഷിക്കുന്നതിന് നടപടികൾ എടുത്തിട്ടുള്ളത്.

(i) ഫോർട്ട് കൊച്ചി ഹെറിറ്റേജ് റോഡിന്റെ സംരക്ഷണം.

(ii) ഈസ്റ്റ്ഫോർട്ടിന്റെ സംരക്ഷണവും വികസനവും.

(iii) ഹിൽപാലസിന്റെയും പരിസരങ്ങളുടെയും വികസനം.

(iv) കണ്ണൂരിലെ അറയ്ക്കൽ കെട്ടിന്റെ വികസനം.

(v) ശക്തൻ തമ്പുരാൻ പാലസിന്റെയും പരിസരത്തിന്റെയും വികസനം.

(vi) പരവൂരിലെ കോട്ടയിൽ കോവിലകത്തിന്റെയും ജൂത സിനഗോഗിന്റെയും മറ്റ് അനുബന്ധ സ്മാരകങ്ങളുടെയും വികസനം.

(vii) കൽപ്പാത്തി ഹെറിറ്റേജ് തെരുവിന്റെ വികസനം.

(viii) വേലുത്തമ്പി ദളവയുടെ സ്മാരകം മോടിപിടിപ്പിക്കൽ.

(ix) നേപ്പിയർ മ്യൂസിയം സമുച്ചയത്തിന്റെ സംരക്ഷണം.

(x) പാർക്ക് വ്യൂ ഹെറിറ്റേജ് കെട്ടിടത്തിന്റെ സംരക്ഷണം.

(xi) പുനലൂർ തൂക്കുപാലത്തിന്റെ സംരക്ഷണം.

(xii) തൃശ്ശൂർ പാലയൂർ മാർത്തോമാ പള്ളിയുടെ സംരക്ഷണവും വികസനവും.

(xiii) മാളയിലെ ജൂതപള്ളിയുടെയും ജൂത സെമിത്തേരിയുടെയും വികസനം.

(xiv) പാലക്കാട് കോട്ടയുടെ മോടിപിടിപ്പിക്കൽ.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഉണ്ട്. കേന്ദ്ര ഗവൺമെന്റ് ഈ ഇനത്തിൽ 5,44,00,000 രൂപ അനുവദിച്ചു. കൂടാതെ സംസ്ഥാന സർക്കാർ ഇതുവരെ 4,16,83,811 രൂപ ഈയിനത്തിൽ ചെലവഴിച്ചു.

ശബരിമല സീസൺ കാലത്തെ ഇടത്താവളങ്ങൾ

8(*211) ശ്രീ. ലൂഡി ലൂയിസ്:

പ്രൊഫ. എ. ഡി. മുസ്തഫ:

ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2005-2006-ലെ ശബരിമല സീസൺ കാലത്ത് എത്ര ഇടത്താവളങ്ങൾ പ്രവർത്തിച്ചിരുന്നു; എവിടെയെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) ഈ ഇടത്താവളങ്ങളിൽ എന്തെല്ലാം സൗകര്യങ്ങൾ ഏർപ്പെടുത്തിയിരുന്നു;

(സി) ഗുരുവായൂർ, അച്ചൻകോവിൽ എന്നീ സ്ഥലങ്ങളിലും ഇടത്താവളങ്ങൾ സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) ന്യൂഡൽഹി, വിജയവാഡ, ചെന്നൈ എന്നീ സ്ഥലങ്ങളിൽ അയ്യപ്പന്മാർക്കുവേണ്ടി പബ്ലിക് റിലേഷൻസ് ഓഫീസുകൾ സ്ഥാപിക്കുമോയെന്ന് വ്യക്തമാക്കുമോ?

വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കെ. സി. വേണുഗോപാൽ):

(എ) 2005-2006-ലെ ശബരിമല സീസൺ കാലത്ത് 21 ഇടത്താവളങ്ങൾ പ്രവർത്തിച്ചിരുന്നു. ഇടത്താവളങ്ങളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.†

(ബി) ഇടത്താവളങ്ങളിൽ ഭക്തജനങ്ങൾക്ക് വിരിവയ്ക്കുന്നതിനും വിശ്രമിക്കുന്നതിനുമുള്ള സൗകര്യം, ചുക്കുവെള്ള വിതരണം, സ്ഥലത്തിന്റെ ലഭ്യതയനുസരിച്ച് വാഹനങ്ങൾ പാർക്ക് ചെയ്യുവാനുള്ള സൗകര്യം, ടോയ്‌ലറ്റ് സൗകര്യം എന്നിവ ബോർഡ് ഏർപ്പെടുത്തിയിരുന്നു.

(സി) ഗുരുവായൂർ തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ക്ഷേത്രമല്ല. അച്ചൻകോവിൽ തിരുവിതാംകൂർ ദേവസ്വം ബോർഡിനു കീഴിലുള്ള ക്ഷേത്രമാണെങ്കിലും ഇടത്താവളം സ്ഥാപിക്കുന്ന കാര്യം ഇപ്പോൾ ബോർഡിന്റെ പരിഗണനയിലില്ല.

---

† അനുബന്ധം - II

LIBRARY ARCHIVES Kerala Legislative Assembly